## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7083** **16/07/2012 ൽ മറുപടിക്ക്**

## റഫറൻസ് പുസ്തകങ്ങൾ വാങ്ങുന്നതിനായി ഫണ്ട്

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് : | | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | കുട്ടികൾക്ക് ആവശ്യമായ റഫറൻസ് പുസ്തകങ്ങൾ വാങ്ങുന്നതിനായി സ്കൂളുകൾക്കും ഒരു സവിശേഷ ഫണ്ട് നൽകുമോ ; ലൈബ്രറി ഐ.ടി. അറ്റ് സ്കൂൾ പദ്ധതിയുമായി സഹകരിച്ച് ഡിജിറ്റലൈസ് ചെയ്യുന്നത് പരിഗണിക്കുമോ ; | എ) | 2012-13 വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ സംസ്ഥാനത്ത് ഹൈസ്കൂളുകളിലെ ലൈബ്രറിയും ലാബോറട്ടറിയും മെച്ചപ്പെടുത്തുന്നതിനായി 33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക വർദ്ധിപ്പിക്കുന്ന മുറയ്ക്ക് കുട്ടികൾക്ക് ആവശ്യമായ റഫറൻസ് പുസ്തകങ്ങൾ വാങ്ങുന്നതിനായി എല്ലാ സ്കൂളുകൾക്കും സവിശേഷ ഫണ്ട് അനുവദിക്കാവുന്നതാണ്. ലൈബ്രറി ഐ.ടി. അറ്റ് സ്കൂൾ പദ്ധതിയുമായി സഹകരിച്ച് ഡിജിറ്റലൈസ് ചെയ്യുന്നത് പരിഗണിക്കാവുന്നതാണ്. |
| ബി) | സ്കൂൾ വിക്കി പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; എത്ര സ്കൂളുകളിൽ സ്കൂൾ വിക്കി പദ്ധതി ഉണ്ട് ; യു.പി.-എൽ.പി. തലങ്ങളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കുമോ ; | ബി) | കേരളത്തിലെ എല്ലാ വിദ്യാലയങ്ങളുടെയും സഹകരണത്തോടെ സൃഷ്ടിക്കുന്ന ഒരു വിജ്ഞാനകോശമാണ് സ്കൂൾ വിക്കി. സ്കൂളുകളുടെ ചരിത്രം, സ്ഥല പരിചയം തുടങ്ങിയ വിവരങ്ങൾ ഈ വെബ് സൈറ്റിലേക്ക് എല്ലാ സ്കൂളുകൾക്കും ഉൾപ്പെടുത്താൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ വിവരശേഖരണത്തിലേക്ക് ലേഖനങ്ങൾ എഴുതുവാനും, തെറ്റുള്ളവ തിരുത്തി എഴുതുവാനും ഏവർക്കും സ്വാതന്ത്ര്യവും സൗകര്യവും അനുവദിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളും സ്കൂൾ വിക്കി പദ്ധതിയിലുണ്ട്. എൽ.പി.-യു.പി തലത്തിലേക്കും വ്യാപിപ്പിക്കാൻ കഴിയും |
| സി) | അനദ്ധ്യാപക ജീവനക്കാരുടെ ജോലി സുരക്ഷ ഉറപ്പു വരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) | സർക്കാരിന്റെ സജീവ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ